# വാർഷിക റിപ്പോർട്ട് 2013 - 2014

## 1) കമ്മീഷന്റെ ഭരണഘടന

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ 11-ാം ആക്ട്) ചുരുക്കപ്പേര് കെ.എസ്.സി.ബി.സി ആക്ട്, 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു നികായമാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ. (ആക്ട് അനുബന്ധം I ആയി ഉൾപ്പെടുത്തിയിരിക്കുന്നു) പ്രസ്തുത വകുപ്പിന് 2000-ത്തിലെ 10-ാം ആക്ട് പ്രകാരം ഒരു ഭേദഗതി വരുത്തിയിട്ടുള്ളതും ആയത് 18.01.2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. (ഭേദഗതി നിയമം അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

## 2) കമ്മീഷന്റെ ഘടന

കെ.എസ്.സി.ബി.സി ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജി ആയതോ ആയിരുന്നതോ ആയ വ്യക്തിയും, കമ്മീഷൻ മെമ്പർ സെക്രട്ടറി, സ്ഥാനം ഹേതുവായി പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നോക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആയിരിക്കേണ്ടത് ആണ്.

റിപ്പോർട്ടു വർഷത്തിൽ റിട്ട. ഹൈക്കോടതി ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ ചെയർമാനായും ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സഖാഫി, ശ്രീ. കെ. ജോൺ ബ്രിട്ടോ എന്നിവർ മെമ്പർമാരായും സേവനമനുഷ്ഠിച്ചു വരുന്നു. മെമ്പർ സെക്രട്ടറിമാരായി പട്ടിക വർഗ്ഗ വികസനം, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകളുടെ സെക്രട്ടറി ആയിരുന്ന ഡോ. ദേവേന്ദ്രകുമാർ ദൊഡാവത് ഐ.എ.എസ്സും 24.07.2013-മുതൽ പട്ടികജാതി വികസനം, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ. ആശാതോമസ്. ഐ.എ.എസും ചുമതലകൾ നിർവഹിച്ചു.

## 3) ചുമതലകൾ

I) സമൂഹത്തിൽ പിന്നോക്കം നില്ക്കുന്നവരെ മറ്റു പിന്നോക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞു പോയെന്നോ ഉള്ള പരാതികൾ സ്വീകരിക്കുകയും

അവ പരിശോധിച്ച് സർക്കാരിനു ഉപദേശം നൽകുകയും ചെയ്യുക (വകുപ്പ് 9(1)).

കമ്മീഷൻ സർക്കാരിന് നല്കുന്ന ഉപദേശം സാധാരണഗതിയിൽ അംഗീകരിക്കപ്പെടേണ്ടതാണ് (വകുപ്പ് 9(2)).

II) കെ.എസ്.സി.ബി.സി ആക്ടിലെ 11-ാം വകുപ്പ് പ്രകാരം പിന്നോക്ക വിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്ന പ്രക്രിയയിൽ സർക്കാരിനെ ഉപദേശിക്കുക.

കൂടാതെ മറ്റു പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി ലിസ്റ്റ്) ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശിക്കുക.

**4) <u>അധിക ചുമതല</u>**

സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കാലാകാലങ്ങളിൽ പഠിച്ച് അതിന്റെയടിസ്ഥാനത്തിൽ അവരുടെ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് കേരള നിയമസഭയ്ക്ക് നൽകുക (1995-ലെ 16ാം ആക്ട് 5-ാം വകുപ്പ് അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു).

**5) <u>കമ്മീഷന്റെ ആസ്ഥാനം</u>**

തിരുവനന്തപുരത്ത് വെള്ളയമ്പലം കനകനഗറിൽ അയ്യങ്കാളി ഭവൻ കെട്ടിട സമുച്ചയത്തിന്റെ മൂന്നാം നിലയിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു.

**6) <u>ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും</u>**

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സർക്കാർ നൽകേണ്ടതാണ്. റിപ്പോർട്ടു വർഷം സർക്കാർ ഉത്തരവ് (സാധാ) നം. 26/2013/പി.സ.വി.വ തീയതി 08.03.2013 പ്രകാരം താഴെപ്പറയുന്ന 18 തസ്തികകൾക്ക് തുടർച്ചാനുമതി ലഭിച്ചിരുന്നു.

| | | |
|---|---|---|
| 1 | രജിസ്ട്രാർ | 1 |
| 2 | അഡീഷണൽ രജിസ്ട്രാർ | 1 |
| 3 | ഫിനാൻസ് ഓഫീസർ | 1 |
| 4 | സെക്ഷൻ ഓഫീസർ | 2 |
| 5 | അസിസ്റ്റന്റ് ഗ്രേഡ് II | 4 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ് II | 2 |

| | | |
|---|---|---|
| 7 | പ്യൂൺ | 2 |
| 8 | ഷോഫർ | 1 |
| 9 | ഡ്രൈവർ | 2 |
| 10 | നൈറ്റ് വാച്ചർ | 1 |
| 11 | പാർട്ട്- ടൈം-സ്വീപ്പർ | 1 |

റിപ്പോർട്ട് വർഷത്തിൽ സർക്കാർ അഡീഷണൽ സെക്രട്ടറിമാരായ ശ്രീമതി. സൂസി ഈപ്പൻ 05.12.2013 വരെയും 06.12.2013 മുതൽ ശ്രീ. ടി. വേണുഗോപാലും കമ്മീഷനിൽ രജിസ്ട്രാർ ആയി സേവനമനുഷ്ഠിച്ചു. സെക്ഷൻ ഓഫീസറുടെ 2 തസ്തികകളിൽ ഒരെണ്ണത്തിൽ റിപ്പോർട്ട് വർഷം അണ്ടർ സെക്രട്ടറിയെയാണ് നിയമിച്ചിട്ടുള്ളത്.

**7) ധനം**

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി കമ്മീഷനു നൽകുന്നു.

2013-2014 സാമ്പത്തിക വർഷത്തിൽ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2,26,11,000/- രൂപ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കമ്മീഷന്റെ പ്രവർത്തനത്തിന് ധനസഹായമായി 1,26,83,000/- രൂപ താഴെപറയുന്ന ശീർഷകങ്ങളിൽ വക കൊള്ളിച്ചിരുന്നു.

a) 2225-03-800-99-31 സഹായധനം (ശമ്പളം) (നോൺപ്ലാൻ) - 1,06,72,000/- രൂപ

b) 2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം - 20,11,000/- രൂപ

ഇതിൽ ശമ്പളയിനത്തിൽ വകയിരുത്തിയ മുഴുവൻ തുകയും 4 ഗഡുക്കളായി കമ്മീഷന് ലഭിക്കുകയും ടി തുക കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുകയും ചെയ്തു. മൂലധന ആസ്തികളുടെ രൂപീകരണത്തിന് വകയിരുത്തിയ തുകയിൽ 10,10,500/- രൂപ കമ്മീഷന് അനുവദിച്ചു. ടി ശീർഷകത്തിൽ ബാക്കിയായ 10,00,500/- രൂപ സറ ർ ചെയ്തിട്ടു ്.

**8) കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും**

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തീരുമാന പ്രകാരം ഓരോ കാലയളവിലും ആഡിറ്റ് നടത്തേണ്ടതാണ്. റിപ്പോർട്ടു വർഷത്തിൽ 2012-2013 സാമ്പത്തിക വർഷത്തെ അക്കൗണ്ട് ആഡിറ്റ് നടത്തിയിട്ടുണ്ട്.

**9) പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

റിപ്പോർട്ട് വർഷാരംഭത്തിൽ കമ്മീഷന്റെ വകുപ്പ് 9(1) പ്രകാരമുള്ള പരിശോധനയ്ക്കു വിധേയമായ 71 കേസുകൾ നിലവിലുണ്ടായിരുന്നു. റിപ്പോർട്ടു വർഷം 60 അപേക്ഷകൾ കമ്മീഷൻ ഓഫീസിൽ ലഭിച്ചു (ലിസ്റ്റ് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.) സൂക്ഷ്മ പരിശോധനയ്ക്കു ശേഷം 17 കേസുകൾ വകുപ്പ് 9(1) പ്രകാരം വിശദ പരിശോധനയ്ക്കുള്ളവയാണ്. ബാക്കി 43 എണ്ണത്തിൽ സർക്കാരിനോ അപേക്ഷകനോ മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്. വിവരാവകാശ നിയമം 2005 പ്രകാരം ലഭിച്ച 18 അപേക്ഷകൾക്ക് നിയമാനുസൃതം മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ടു വർഷാവസാനത്തിൽ 69 കേസുകൾ വിവിധ തലങ്ങളിലായി കമ്മീഷന്റെ പരിഗണനയിലുണ്ട്. (ലിസ്റ്റ് അനുബന്ധം VII ആയി ചേർത്തിരിക്കുന്നു) കമ്മീഷന്റെ പരിഗണനയിലുള്ള കേസുകളിൽ റിപ്പോർട്ടു വർഷം കമ്മീഷൻ സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

കമ്മീഷൻ കേസുകൾ പരിഗണിക്കുന്നത് അപേക്ഷകരെ നേരിൽ കേട്ട് മൊഴിയെടുത്തും മറ്റു പഠന/സർവ്വേ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുമാണ്. കമ്മീഷൻ ആസ്ഥാനത്തും മറ്റു ജില്ലാ കേന്ദ്രങ്ങളിൽ വച്ചും സിറ്റിംഗുകൾ നടത്താറുണ്ട്. ഈ കർത്തവ്യ നിർവ്വഹണത്തിന് കമ്മീഷന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളുമുണ്ട്. 2013-2014 വർഷത്തിൽ തിരുവനന്തപുരത്തു കമ്മീഷൻെറ ആഫീസിൽ വച്ച് 02.04.2013, 03.04.2013, 25.04.2013, 02.05.2013, 10.05.2013, 04.06.2013, 05.06.2013, 12.06.2013, 20.06.2013, 03.07.2013, 11.07.2013, 12.07.2013, 17.07.2013, 18.07.2013, 02.08.2013, 03.08.2013, 05.09.2013, 06.09.2013, 12.09.2013, 24.09.2013, 03.10.2013, 07.10.2013, 08.10.2013, 23.10.2013, 24.10.2013, 30.10.2013, 04.11.2013, 05.11.2013, 11.11.2013, 12.11.2013, 26.11.2013, 27.11.2013, 02.12.2013, 03.12.2013, 09.12.2013, 17.12.2013, 18.12.2013, 26.12.2013, 06.01.2014, 15.01.2014, 16.01.2014, 29.01.2014, 04.02.2014, 05.02.2014, 13.02.2014, 14.02.2014, 19.02.2014, 20.02.2014 എന്നീ തീയതികളിലായി 48 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. അതിനു പുറമെ 23.05.2013, 19.11.2013 തീയതികളിൽ കാസർഗോഡും 12.12.2013-ൽ തൃശ്ശൂരും 16.04.2013-ൽ പാലക്കാടും 25.07.2013, 21.01.2014 തീയതികളിൽ എറണാകുളത്തും

ആയി ആകെ 6 സിറ്റിംഗുകളും നടത്തിയിട്ടുണ്ട്. പ്രസ്തുത സിറ്റിംഗുകളിൽ കമ്മിഷനു ലഭിച്ച പരാതികളിൽമേൽ തെളിവെടുപ്പു നടത്തുകയുണ്ടായി.

മുകളിൽ പറഞ്ഞ തീയതികളിൽ നടത്തിയ സിറ്റിംഗുകളിൽ വിവിധ സമുദായ സംഘടനകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലാകളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 16.04.2013-ന് നടന്ന കമ്മീഷന്റെ 298-മത്തെ സിറ്റിംഗിൽ തൊട്ടിയൻ വിഭാഗത്തിൽപ്പെട്ടവർക്ക് 'തൊട്ടിയ നായ്ക്കൻ' സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന നിവേദനവും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വടുക വിഭാഗത്തിന്റെ നിവേദനവും റാവുത്തർ വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം സംബന്ധിച്ച വിഷയവും മുസ്ലീം സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച വിഷയവും പത്തുകുടി വിഭാഗത്തിനെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിവേദനവും പരിഗണിച്ചു. തൊട്ടിയനായ്ക്കൻ സമുദായത്തെ പ്രതിനിധീകരിച്ച് 10 പേരും വടുക സമുദായത്തെ പ്രതിനിധീകരിച്ച് 7 പേരും റാവുത്തർ വിഭാഗവുമായി ബന്ധപ്പെട്ട് 5 പേരും പത്തുകുടി സമുദായത്തെ പ്രതിനിധീകരിച്ച് 11 പേരും പാലക്കാട് ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരും സിറ്റിംഗിൽ പങ്കെടുത്തു. വിശദമായ നിവേദനം നൽകുന്നതിന് തൊട്ടിയൻ സമുദായത്തിന് കൂടുതൽ സമയം അനുവദിക്കുകയും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് വിവരങ്ങൾ ലഭ്യമാക്കാമെന്ന് റവന്യൂ ഉദ്യോഗസ്ഥർ അറിയിക്കുകയും ചെയ്തു. വടുക വിഭാഗം വിശദമായ അപേക്ഷ നൽകുമെന്നറിയിച്ചു. മുസ്ലീം സെപ്ഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച വിഷയം സാമൂഹ്യ സാമ്പത്തിക ജാതി സെൻസ്സ് റിപ്പോർട്ട് ലഭിച്ചശേഷം പരിഗണിക്കാമെന്ന് തീരുമാനിച്ചു. പത്തുകുടി സമുദായത്തെ സംബന്ധിച്ച് ആവശ്യമെങ്കിൽ കൂടുതൽ വാദം കേൾക്കുന്നതിന് തീരുമാനിച്ചു.

കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 23.05.2013-ന് നടന്ന കമ്മീഷന്റെ 302-മത്തെ സിറ്റിംഗിൽ മാളവ, ഹനഫി, തിയ്യ-കാവുതിയ്യ, പത്മശാലി, മുഖാരി-മുവാരി എന്നീ വിഭാഗങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനങ്ങളും സാധുചെട്ടി ജാതി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച വിഷയവും പരിഗണിച്ചു. സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 22 പേർ പങ്കെടുത്തു. ഇവരിൽ നിന്നും വിശദമായ തെളിവെടുപ്പ് നടത്തുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരും സിറ്റിംഗിൽ പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 20.06.2013-ന് നടന്ന കമ്മീഷന്റെ 305-മത്തെ സിറ്റിംഗിൽ ഒ.ബി.സി ആനുകൂല്യം പി.എസ്.സി നിരസിച്ചതു

സംബന്ധിച്ച അപേക്ഷയിൻമേൽ കമ്മീഷൻ തെളിവെടുപ്പ് നടത്തി. റവന്യൂ ഉദ്യോഗസ്ഥരും പി.എസ്.സിയിൽ നിന്ന് ജോയിന്റ് സെക്രട്ടറിയും സെക്ഷൻ ഓഫീസറും ഹാജരായി.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 03.07.2013-ന് നടന്ന കമ്മീഷന്റെ 306-മത്തെ സിറ്റിംഗിൽ സാരസ്വത് അബ്രാഹ്മണ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനം പരിഗണിച്ചു. സമുദായത്തെ പ്രതിനിധീകരിച്ച് മൂന്ന് പേർ ഹാജരായി.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 17.07.2013-ന് നടന്ന കമ്മീഷന്റെ 309-മത്തെ സിറ്റിംഗിൽ എഴുത്തച്ഛനും എഴുത്തശ്ശനും ഒരേ സമുദായമാണെന്ന സ്പഷ്ടീകരണം സംബന്ധിച്ച നിവേദനവും ഈഴവ-തിയ്യ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് പ്രത്യേക കമ്മീഷനെ നിയമിക്കണമെന്ന് സർക്കാരിൽ സമർപ്പിച്ച ആവശ്യം സംബന്ധിച്ചും കമ്മീഷൻ തെളിവെടുപ്പ് നടത്തി. എഴുത്തച്ഛൻ വിഭാഗത്തിൽപ്പെട്ട 2 പേരും എസ്.എൻ.ഡി.പി-യെ പ്രതിനിധീകരിച്ച് ലീഗൽ അഡ്വൈസറും ഹാജരായി.

എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് 25.07.2013-ന് നടന്ന കമ്മീഷന്റെ 311-മത്തെ സിറ്റിംഗിൽ നായിഡു വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും മുസ്ലീം വിഭാഗങ്ങൾക്കുള്ള സംവരണം ഒസ, മരയ്ക്കാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യവും സിറ്റിഗിൽ പരിഗണിച്ചു. നായിഡു സമുദായ സംഘടനയെ പ്രതിനിധീകരിച്ച് 16 പേരും മെക്കയെ പ്രതിനിധീകരിച്ച് 3 പേരും കിർത്താഡ്സ് ഡെപ്യൂട്ടി ഡയറക്ടറും ഹാജരായി. മുസ്ലീം വിഭാഗങ്ങൾക്കുള്ള സംവരണം ഒസ, മരയ്ക്കാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് സർക്കാരിലേക്ക് റിപ്പോർട്ട് നൽകാൻ തീരുമാനിച്ചു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 24.09.2013-ന് നടന്ന കമ്മീഷന്റെ 316-മത്തെ സിറ്റിംഗിൽ വിവിധ പേരുകളിൽ അറിയപ്പെടുന്നവരെ 'പെരുംകൊല്ലൻ' എന്ന പൊതുസമുദായ നാമത്തിൻ കീഴിൽ കൊണ്ടുവരണമെന്ന ആവശ്യം സംബന്ധിച്ചും കന്നടിയൻ വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ചും ക്രീമിലെയറിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യവും പരിഗണിച്ചു. 5 സമുദായ പ്രതിനിധികൾ കൂടാതെ 2 റവന്യൂ ഉദ്യോഗസ്ഥരും കിർത്താഡ്സ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 04.11.2013-ന് നടന്ന കമ്മീഷന്റെ 322-മത്തെ സിറ്റിംഗിൽ വെളുത്തേടത്ത് നായർ സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച നിവേദനം പരിഗണിച്ചു. 3 സമുദായ പ്രതിനിധികൾ പങ്കെടുത്തു.

കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 19.11.2013-ന് നടന്ന കമ്മീഷന്റെ 326-മത്തെ സിറ്റിംഗിൽ ഹനഫി, തിയ്യ-കാവുതിയ്യ, കുമാരക്ഷത്രിയ, പത്മ ശാലി, കമ്മാറ എന്നീ വിഭാഗങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന നിവേദനങ്ങളും കുലാല വിഭാഗത്തിന് പ്രത്യേക സംവരണം വേണമെന്നും മൂല്യ വിഭാഗത്തെ കൂടി കുലാലയുടെ കീഴിൽ കൊണ്ട് വരണമെന്ന ആവശ്യവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 42 പേരും കാസർഗോഡ്, ഹോസ്ദുർഗ് തഹസിൽദാർമാരും സിറ്റിംഗിൽ പങ്കെടുത്തു. കമ്മാറ വിഭാഗത്തെ പ്രതിനിധീകരിച്ച് ആരും പങ്കെടുത്തില്ല.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 27.11.2013-ന് നടന്ന കമ്മീഷന്റെ 328-മത്തെ സിറ്റിംഗിൽ കുമാരക്ഷത്രിയ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുക എന്ന ആവശ്യം പരിഗണിച്ചു. 7 സമുദായ പ്രതിനിധികൾ പങ്കെടുത്തു.

തൃശ്ശൂർ ജില്ലാകളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 12.12.2013-ന് നടന്ന കമ്മീഷന്റെ 331-മത്തെ സിറ്റിംഗിൽ വിവിധ പേരുകളിൽ അറിയപ്പെടുന്നവരെ 'പെരുംകൊല്ലൻ' എന്ന പൊതു സമുദായ നാമത്തിൻ കീഴിൽ കൊണ്ടുവരണമെന്ന ആവശ്യവും വെളിച്ചപ്പാട് വിഭാഗത്തിന്റെ വിവിധാവശ്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനവും ബി.സി കുരിക്കൻ സമുദായം ഏതു വിഭാഗത്തിൽപ്പെടുന്നുവെന്നതിൽ സ്പഷ്ടീകരണം സംബന്ധിച്ച വിഷയവും പരിഗണിച്ചു. നിവേദകരെ പ്രതിനിധീകരിച്ച് 32 പേർ സിറ്റിംഗിൽ പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 26.12.2013-ന് നടന്ന കമ്മീഷന്റെ 333-മത്തെ സിറ്റിംഗിൽ എസ്.ഇ.ബി.സി വിഭാഗങ്ങളിലെ ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്കുള്ള പഠനം സംബന്ധിച്ച വിഷയം ചർച്ച ചെയ്തു. കൂടാതെ വൈശ്യ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ജനറൽ കാറ്റഗറിയിൽ പരിഗണിക്കണമെന്ന ആവശ്യവും പരിഗണിച്ചു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 06.01.2014-ന് നടന്ന കമ്മീഷന്റെ 334-മത്തെ സിറ്റിംഗിൽ വൈശ്യ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ജനറൽ കാറ്റഗറിയിൽ പരിഗണിക്കണമെന്ന ആവശ്യം പരിഗണിച്ചു. വൈശ്യ വിഭാഗത്തെ പ്രതിനിധീകരിച്ച് 5 പേർ പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 15.01.2014, 16.01.2014 തീയതികളിൽ നടന്ന കമ്മീഷന്റെ 335-മത്തെ സിറ്റിംഗിൽ എസ്.ഇ.ബി.സി വിഭാഗങ്ങളിലെ ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്കുള്ള പഠനം സംബന്ധിച്ച വിഷയം ചർച്ച ചെയ്തു. കൂടാതെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വടുക വിഭാഗത്തിന്റെ നിവേദനവും പരിഗണിച്ചു. വടുക വിഭാഗത്തെ പ്രതിനിധീകരിച്ച് 6 പേർ പങ്കെടുത്തു.

എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് 21.01.2014-ന് നടന്ന കമ്മീഷന്റെ 336-മത്തെ സിറ്റിംഗിൽ സാരസ്വത് അബ്രാഹ്മണ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും കുടുംബി സമുദായത്തിന് പ്രത്യേക സംവരണ മെന്ന ആവശ്യവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 20 പേർ പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 29.01.2014-ൽ നടന്ന കമ്മീഷന്റെ 337-ാമത്തെ സിറ്റിംഗിൽ എസ്.ഇ.ബി.സി വിഭാഗങ്ങളിലെ ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്കുള്ള പഠനം സംബന്ധിച്ച വിഷയം ചർച്ച ചെയ്തു. കൂടാതെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റിൽ തിയ്യ എന്ന സമുദായ നാമം രേഖപ്പെടുത്തിയിട്ടില്ല എന്ന പരാതിയിന്മേൽ പി.എസ്.സി യോട് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 04.02.2014, 05.02.2014 തീയതികളിൽ നടന്ന കമ്മീഷന്റെ 338-ാമത്തെ സിറ്റിംഗിൽ എസ്.ഇ.ബി.സി വിഭാഗങ്ങളിലെ ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്കുള്ള പഠനം സംബന്ധിച്ച വിഷയം ചർച്ച ചെയ്തു. കൂടാതെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വടുക വിഭാഗത്തിന്റെ നിവേദനവും പരിഗണിച്ചു. വടുക വിഭാഗത്തെ പ്രതിനിധീകരിച്ച് 6 പേരും 8 റവന്യൂ ഉദ്യോഗസ്ഥരും പങ്കെടുത്തു.

തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 13.02.2014, 14.02.2014 തീയതികളിൽ നടന്ന കമ്മീഷന്റെ 339-മത്തെ സിറ്റിംഗിൽ എസ്.ഇ.ബി.സി വിഭാഗങ്ങളിലെ ക്രീമിലെയറിനെ കണ്ടെത്തുന്നതിലേക്കുള്ള പഠനം സംബന്ധിച്ച വിഷയം ചർച്ച ചെയ്തു. കൂടാതെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെയും മറ്റ് തസ്തികകളിലേയും സംവരണത്തിലുള്ള അസന്തുലിതാവസ്ഥ സംബന്ധിച്ച ഗണക സമുദായ സഭയുടെ നിവേദനവും സമുദായ നാമം യോഗീസ് എന്നതിനു പകരം യോഗി എന്ന് ഒ.ബി.സി ലിസ്റ്റിൽ തിരുത്തണമെന്ന യോഗീ സർവ്വീസ് സൊസൈറ്റിയുടെ ആവശ്യവും പരിഗണിച്ചു. സമുദായ സംഘടനകളെ പ്രതിനിധീകരിച്ച് 4 പേർ പങ്കെടുത്തു.

## ക്രീമിലെയർ സംബന്ധിച്ച പഠനം

പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം പ്രതീക്ഷിക്കുന്ന ചില കുട്ടികളുടെ രക്ഷിതാക്കൾ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച W.P (C) No. 29271/12, 11578/13 എന്നീ ഹർജികളിലൂടെ നിലവിലെ സംവരണത്തിനുള്ള മാനദണ്ഡങ്ങളെ ചോദ്യം ചെയ്യുകയും അതിനു 07.08.2013-ലെ പൊതു വിധിന്യായത്തിലൂടെ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിലെ ക്രീമിലെയറിനെ കണ്ടെ ത്തുന്നതിന് കുടുംബ വാർഷിക വരുമാനം ഉൾപ്പെടെ സാമൂഹികവും സാമ്പത്തികവും

വിദ്യാഭ്യാസപരവുമായ പശ്ചാത്തലം കൂടി പരിഗണിച്ചുകൊണ്ട് [Ashok Kumar Takur v. Union of India 2008(6) SCCI] അശോക് കുമാർ താക്കൂർ കേസിൽ ബഹു. സുപ്രീംകോടതി നിഷ്കർഷിച്ചിട്ടുള്ള തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സ്വതന്ത്ര പഠനം നടത്തി ഒരു സ്കീം രൂപീകരിച്ചു നടപ്പാക്കുവാൻ ബഹു. കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചതിനെ തുടർന്ന് പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിന് അർഹരായ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന SEBC വിഭാഗങ്ങളിലെ സംവരണം സംബന്ധിച്ച ക്രീമിലെയറിനെ കണ്ടെത്തുന്നതിനായി സമയബന്ധിതമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 26.10.2013 -ലെ സ.ഉ (കൈ) നം. 12/2013/പി.സ.വി.വ ഉത്തരവു പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനം സംബന്ധിച്ച ഇടക്കാല റിപ്പോർട്ട് 18.12.2013-ൽ സർക്കാരിന് സമർപ്പിക്കുകയും ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കുള്ള പഠനം നടന്നു വരികയുമാണ്. അന്തിമ റിപ്പോർട്ട് ഈ കമ്മീഷന്റെ കാലാവധിക്കുള്ളിൽ സമർപ്പിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സാവകാശം ആവശ്യമാണെന്ന വിവരം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത പഠനവുമായി ബന്ധപ്പെട്ട് 30.10.2013, 04.11.2013, 11.11.2013, 12.11.2013, 26.11.2013, 02.12.2013, 03.12.2013, 09.12.2013, 17.12.2013, 18.12.2013, 26.12.2013, 15.01.2014, 16.01.2014, 29.01.2014, 04.02.2014, 05.02.2014, 13.02.2014, 14.02.2014, 19.02.2014 എന്നീ തീയതികളിൽ കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗ് നടത്തിയിട്ടുണ്ട്. വിവിധ സിറ്റിംഗുകളിലായി പിന്നോക്ക സമുദായ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അണ്ടർ സെക്രട്ടറി, പ്രവേശന പരീക്ഷ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, സീനിയർ സൂപ്രണ്ട്, സെൻസസ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലെ ഡയറക്ടർ (ഇ & എസ്.റ്റി) തുടങ്ങിയവരും ബന്ധപ്പെട്ട മേഖലയിലെ മറ്റ് വിദഗ്ദരും പങ്കെടുത്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്.

## കമ്മീഷന്റെ ഉപദേശവും സ്വീകരിച്ച നടപടികളും

കമ്മീഷനു ലഭിച്ച കേസുകളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു.

കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് കാസർഗോഡ് ജില്ലയിലെ മുസ്ലീം സമുദായത്തിലെ തുറുക്കർ/തുറുക്കൻ വിഭാഗത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നത്

സംബന്ധിച്ച് 17.12.2013-ൽ സ.ഉ (കൈ) നം. 15/2013/ പി.സ.വി.വ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം 32-ൽ ഭേദഗതി വരുത്തണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് കമ്മീഷന്റെ ഉപദേശം സർക്കാരിന് നല്കിയിട്ടുണ്ട്.

റാവുത്തർ വിഭാഗം 1958-ലെ കെ.എസ്. & എസ്സ്. എസ്സ്. ആർ പാർട്ട് 1 ലിസ്റ്റ് III -ൽ ഇനം 48-ലെ മുസ്ലീം വിഭാഗത്തിൽ ഉൾപ്പെടുന്നുവെന്നും കേന്ദ്ര ഒ.ബി.സി ലിസ്റ്റിലെ ഇനം 39 A –യിൽ 'മറ്റു മുസ്ലീം' വിഭാഗത്തിൽ ഉൾപ്പെടുത്തി റാവുത്തർ വിഭാഗത്തിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നുമുള്ള കമ്മീഷന്റെ ഉപദേശം സർക്കാരിന് നൽകിയിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്.

മുസ്ലീം സംവരണം ഒസ, മരയ്ക്കാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചുകൊണ്ടുള്ള 12.09.2013-ലെ കമ്മീഷന്റെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. (കമ്മീഷന്റെ ശുപാർശയിൻമേൽ 2013-14 വർഷത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ വിശദവിവരം അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.)

10) <u>പൊതുവായവ</u>

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിന്റേയും പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളുടെയും ഭാഗമായി കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kscbc.kerala.gov.in സന്ദർശിക്കാവുന്നതാണ്.

കമ്മീഷന്റെ കൃത്യനിർവ്വഹണത്തിനു സഹായകമാകുന്നതിനുള്ള വിവരശേഖരണത്തിനായി ഒരു ഓൺ ലൈൻ സംവിധാനം (വെബ് പോർട്ടൽ) തുടങ്ങുവാൻ തീരുമാനിക്കുകയും കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികളായ എൻ.ഐ.സി, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ എന്നിവയുടെ സഹകരണത്തോടെ കേരള സർക്കാർ സംരംഭമായ സ്പാർക്ക് മുഖേന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിനെ സമീപിച്ചിരിക്കുകയാണ്.

അനുബന്ധം IV

## 2013- 2014 വർഷത്തിൽ കമ്മീഷനിൽ ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം

1. ക്രീമിലെയർ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കുന്നത് - സംബന്ധിച്ച്.
2. കേരള സംസ്ഥാന പൂലുവക്കൗണ്ടർ, വേട്ടുവക്കൗണ്ടർ, പടയാച്ചിക്കൗണ്ടർ, കാവിലിയ ക്കൗണ്ടർ സംഘം പ്രസിഡന്റ് ശ്രീ. കെ. ബാലകൃഷ്ണന്റെ പൂലുവക്കൗണ്ടർ, വേട്ടുവ ക്കൗണ്ടർ, പടയാച്ചിക്കൗണ്ടർ, കാവിലിയക്കൗണ്ടർ സമൂഹങ്ങളെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച നിവേദനം.
3. 27.05.2013-ലെ 1150/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - നായർ/ബ്രാഹ്മണ/ ക്ഷത്രിയ/അമ്പലവാസി വിഭാഗങ്ങളെ ഒ.ബി.സിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്
4. 15.07.2013-ലെ 1604/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - വെള്ളാളർ സമുദായ ത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്
5. കാവുതീയ്യ-ബണ്ടാരി വിഭാഗത്തിന് കാസർഗോഡ് ജില്ലാ നിയമനത്തിൽ 2% വും സംസ്ഥാന തലത്തിൽ 1%വും സംവരണം വേണമെന്ന ആവശ്യം സംബന്ധിച്ച സമാജ സേവസംഘം പ്രസിഡന്റിന്റെ നിവേദനം.
6. വെളിച്ചപ്പാട് വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊടുങ്ങല്ലൂർ ഭഗവതി വെളിച്ചപ്പാട് സംഘം നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതി മുൻപാകെ സമർപ്പിച്ച നിവേദനം.
7. ഒ.ബി.സി ലിസ്റ്റിൽ നിന്നും വൈശ്യ വിഭാഗത്തെ ഒഴിവാക്കി ജനറലായി പരിഗണിക്കണ മെന്ന് ആവശ്യപ്പെട്ട് കേരള വൈശ്യ ക്ഷേമ സഭ നൽകിയ നിവേദനം.
8. 1% സംവരണം അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച അഖില കേരള വിൽക്കു റുപ്പ് മഹാസഭയുടെ നിവേദനം.
9. 02.12.2013-ലെ 2711/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - പരിവർത്തിത ക്രൈസ്ത വർക്ക് ജാതി സംവരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്
10. 02.12.2013-ലെ 2218/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - ദളിത് വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്
11. ശെങ്കുന്തർ വിഭാഗത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബ ന്ധിച്ച് കേരള ശെങ്കുന്തർ മഹാജന സംഘത്തിന്റെ നിവേദനം.
12. കോടാങ്കി നായ്ക്കർ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് കേരള കോടാങ്കിനായ്ക്കൻ മഹാസഭ പ്രസിഡന്റ് ശ്രീ. മണികണ്ഠന്റെ നിവേദനം.

13. വിദ്യാഭ്യാസപരവും സാമൂഹികപരവുമായ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ച് കേരള ഗണക കണിശ സഭ കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമസമിതി മുമ്പാകെ സമർപ്പിച്ച നിവേദനം.
14. പ്രത്യേക സംവരണം ആവശ്യപ്പെട്ട് കേരള വേളാർ സർവ്വീസ് സൊസൈറ്റി കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമസമിതി മുമ്പാകെ സമർപ്പിച്ച നിവേദനം.
15. വടുക സമുദായത്തെ ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വടുക സമുദായ സാംസ്ക്കാരിക സമിതി സമർപ്പിച്ച നിവേദനം.
16. മുഖാരി/മുവാരി സമുദായത്തെ ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മുഖാരി/മുവാരി സമുദായ സംഘം സമർപ്പിച്ച നിവേദനം.
17. ചക്കാല നായർ സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നിയമസഭാ പിന്നോക്ക സമുദായ ക്ഷേമസമിതി മുമ്പാകെയുള്ള നിവേദനം.

## <u>മറ്റു നിവേദനങ്ങൾ</u>

18. ക്രിമിനൽ സംഘം മർദ്ദിച്ചതിനെതിരെ ശ്രീ. റിൻസൻ സമർപ്പിച്ച പരാതി.
19. മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമിക്കാൻ ശ്രമിച്ചത് സംബന്ധിച്ച ശ്രീ. വി ശിവരാജന്റെ പരാതി.
20. വിവരാവകാശ നിയമപ്രകാരം അപേക്ഷയിൻമേൽ മറുപടി ലഭിച്ചിട്ടില്ല എന്ന പരാതി സംബന്ധിച്ച് കേരള കളരിക്കുറുപ്പ് -കളരി പണിക്കർ സംഘം ജനറൽ സെക്രട്ടറി ശ്രീ. സന്ദീപ് ആർ കുറുപ്പിന്റെ നിവേദനം
21. ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചത് സംബന്ധിച്ച് ശ്രീ. ബാബുവിന്റെ പരാതി.
22. ദേശീയ പിന്നോക്ക വിഭാഗ കമ്മീഷന്റെ സന്ദർശനം സംബന്ധിച്ച് പിന്നോക്ക വികസന വകുപ്പ് ഡയറക്ടറുടെ കത്ത്.
23. ടെലിവിഷൻ പരിപാടിയിൽ കൂടി അപമാനിച്ചുവെന്ന ശ്രീ. ആർ അജിത് കുമാറിന്റെ പരാതി.
24. ലോൺ ലഭിച്ചില്ലെന്ന് ആരോപിച്ച് ശ്രീ. പി വി രാധാകൃഷ്ണൻ സമർപ്പിച്ച പരാതി.
25. കേരള കാർഷിക സർവ്വകലാശാല അർഹതയുള്ളവരുടെ അവസരം നിഷേധിക്കുന്നത് സംബന്ധിച്ച് ശ്രീ. ജയചന്ദ്രൻ സമർപ്പിച്ച നിവേദനം.
26. ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചുവെന്ന ശ്രീ. ബിജുവിന്റെ പരാതി.
27. തിയ്യ മഹാസഭ സെക്രട്ടറിയെ മാറ്റിയതു സംബന്ധിച്ച്.
28. സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുള്ള നിലവിലുള്ള സംവരണ ശതമാനം സംബന്ധിച്ച് ബീഹാർ കമ്മീഷന്റെ കത്ത്.

29. 06.05.2013-ലെ 862/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - പിന്നോക്ക വിഭാഗ വകുപ്പിനെ ക്ഷേമവകുപ്പായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി സ്വാമിനാഥൻ സമർപ്പിച്ച ഹർജി.
30. പി. ശങ്കരൻ കമ്മീഷന്റെ കാലാവധി സംബന്ധിച്ച് വിശ്വബ്രഹ്മവിദ്യാപീഠത്തിന്റെ നിവേദനം
31. സായുധ സേനയിലെ വിവേചനം സംബന്ധിച്ച് ശ്രീ. എൻ കെ ഉണ്ണിയുടെ പരാതി.
32. തെലുങ്ക് മാതൃഭാഷയായ 'വെള്ളച്ചെട്ടി' സമുദായാംഗങ്ങളുടെ പരാതി സംബന്ധിച്ച് ശ്രീ. എൻ ലക്ഷ്മണന്റെ നിവേദനം.
33. കെ.എസ് & എസ്.എസ് ആർ പ്രകാരമുള്ള സംവരണം സാമൂഹ്യനീതിക്ക് നിരക്കുന്നതല്ലെന്നാരോപിച്ച് ശ്രീ. പി ബി കരുണാദാസ് നൽകിയ നിവേദനം.
34. കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷ നിരസിച്ചതു സംബന്ധിച്ച് ശ്രീ. പി. പി രാവുമോന്റെ പരാതി.
35. 03.02.2014-ലെ സർക്കാർ കത്ത് നം. 473/എ2/2014/പി.സ.വി.വ പ്രകാരം ലഭ്യമാക്കിയ നിയമസഭ സബ്മിഷൻ.
36. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷ നൽകുമ്പോൾ ജാതിപ്പേര് തെറ്റായി അച്ചടിച്ചുവെന്നത് സംബന്ധിച്ച് ശ്രീ. പ്രസൂൺ ഗോപിനാഥിന്റെ പരാതി.
37. പി. ശങ്കരൻ കമ്മീഷന്റെ ഓഫീസ് പ്രവർത്തനം സംബന്ധിച്ച് വിശ്വബ്രഹ്മ വിദ്യാപീഠം സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണന്റെ നിവേദനം
38. KS & SSR പകർപ്പിലെ തിരുത്തുകൾ വരുത്തുന്നത് സംബന്ധിച്ച്
39. എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട ഒ.ബി.സി ലിസ്റ്റിൽ കോട്ടയാർ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതി സംബന്ധിച്ച്
40. പി.എസ്.സി ഓൺലൈൻ അപേക്ഷ സംബന്ധിച്ച കേരള ചെട്ടി മഹാസഭയുടെ പരാതി.
41. നിയമനങ്ങളിലെ നാമമാത്ര സംവരണം സംബന്ധിച്ച് ആൾ കേരള ഭരതർ ഐക്യ സഭ കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമസമിതി മുമ്പാകെ സമർപ്പിച്ച നിവേദനം
42. 02.12.2013-ലെ 1783/എ3/2013/പി.സ.വി.വ സർക്കാർ കത്ത് - ദളിത് ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച്

## വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ

43. വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടി സംബന്ധിച്ച് ശ്രീ. ജോബിന്റെ കത്ത്.
44. വിവരാവകാശ നിയമപ്രകാരം ശ്രീ. ശശിധരൻ നായർ സമർപ്പിച്ച അപ്പീൽ അപേക്ഷ.
45. വിവരാവകാശ നിയമപ്രകാരം ശ്രീ. ശശിധരൻ നായർ സമർപ്പിച്ച അപേക്ഷ.
46. വിവരാവകാശ നിയമപ്രകാരം ശ്രീ. ജോബിൻ സമർപ്പിച്ച അപേക്ഷ.
47. വിവരാവകാശ നിയമപ്രകാരം ശ്രീ. വി വി ഹംസ സമർപ്പിച്ച അപേക്ഷ.
48. 20.01.2014-ലെ സർക്കാർ കത്ത് നം. 114/എ3/2014/പി.സ.വി.വ പ്രകാരം ലഭ്യമാക്കിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
49. വിവരാവകാശ നിയമപ്രകാരം ശ്രീ. സുകുമാരൻ നായർ സമർപ്പിച്ച അപേക്ഷ.
50. വിവരാവകാശ നിയമപ്രകാരം ശ്രീ. എൻ. അശോക് കുമാർ സമർപ്പിച്ച അപേക്ഷ.
51. വിവരാവകാശ നിയമപ്രകാരം ശ്രീ. ആർ ശശിധരൻ നായർ സമർപ്പിച്ച അപേക്ഷ.
52. ശ്രീ. ടി കെ മോഹനന്റെ വിവരാവരാകാശ നിയമപ്രകാരമുള്ള അപേക്ഷ.
53. ശ്രീ. രാജേന്ദ്രന്റെ വിവരാവരാകാശ നിയമപ്രകാരമുള്ള അപേക്ഷ.
54. ശ്രീ. പി വി ആൻസിയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
55. ശ്രീ. കെ ബാലകൃഷ്ണന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
56. ശ്രീമതി. കെ. വിമലയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
57. ശ്രീ. കെ വി മണിയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
58. ഡോ. എം ഗണേഷിന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
59. ശ്രീ. ആർ മുരളീധരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.
60. 1326/എ1/2013/പി.സ.വി.വ സർക്കാർ കത്ത് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

അനുബന്ധം--V

**കമ്മീഷന് ലഭിച്ച കേസുകളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിശദവിവരം.**

1. സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം 32-ൽ ഭേദഗതി വരുത്തണമെന്നാവശ്യം - സംബന്ധിച്ച് (ഫയൽ നം. 990/സി/2008/കെ.എസ്.സി.ബി.സി തീയതി : 03/12/2013
2. മുസ്ലീം സമുദായത്തിലെ റാവുത്തർ വിഭാഗത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം - സംബന്ധിച്ച (ഫയൽ നം. 34/സി/2009/ കെ.എസ്.സി.ബി.സി തീയതി 23.10.2013)
3. മുസ്ലീം സംവരണം ഒസ, മരയ്ക്കാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യം - സംബന്ധിച്ച് (ഫയൽ നം. 02/2007/കെ.എസ്സ്.സി.ബി.സി തീയതി 12.09.2013)
4. കാസർഗോഡ് ജില്ലയിലെ മുസ്ലീം സമുദായത്തിലെ തുറുക്കർ/തുറുക്കൻ വിഭാഗത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽ നം. 888/സി/2006/കെ.എസ്.സി.ബി.സി തീയതി 08.08.2013)

**അനുബന്ധം - VI**

## കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ഉപദേശത്തിന്മേൽ 2013-2014 വർഷത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവയുടെ വിശദവിവരം

| കമ്മിഷന്റെ ഉപദേശം | സർക്കാർ സ്വീകരിച്ച നടപടി |
|---|---|
| 1. കാസർഗോഡ് ജില്ലയിലെ മുസ്ലീം സമുദായത്തിലെ തുറുക്കർ/തുറുക്കൻ വിഭാഗത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽ നം. 888/സി/2006/കെ.എസ്.സി.ബി.സി തീയതി 08.08.2013) | 1. കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ (എം.എസ്സ്)നം.15/2013/ പിസവിവ തീയതി. 17.12.2013) |
| 2. സംസ്ഥാന ഒ.ബി.സി പട്ടികയിലെ ഇനം 32-ൽ ഭേദഗതി വരുത്തണമെന്നാവശ്യം - സംബന്ധിച്ച് (ഫയൽ നം. 990/സി/2008/കെ.എസ്.സി.ബി.സി തീയതി : 03/12/2013 | 2. സർക്കാരിന്റെ പരിഗണനയിലാണ്. |
| 3. മുസ്ലീം സമുദായത്തിലെ റാവുത്തർ വിഭാഗത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം - സംബന്ധിച്ച (ഫയൽ നം. 34/സി/2009/ കെ.എസ്.സി.ബി.സി തീയതി 23.10.2013) | 3. സർക്കാരിന്റെ പരിഗണനയിലാണ്. |
| 4. മുസ്ലീം സംവരണം ഒസ, മരയ്ക്കാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യം - സംബന്ധിച്ച് (ഫയൽ നം. 02/2007/കെ.എസ്സ്. സി.ബി.സി തീയതി 12.09.2013) | 4. സർക്കാരിന്റെ പരിഗണനയിലാണ്. |

**അനുബന്ധം -VII**

**വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കമ്മീഷനിൽ ലഭ്യമായിട്ടുള്ള നിവേദങ്ങളിൽ 31.03.2014 വരെ തീരുമാനമെടുക്കാതെ ശേഷിക്കുന്നവ**

1. മാളവ സമുദായം
2. ഈഴവ-തിയ്യ
3. കമ്മാറ
4. ക്രിസ്തുമതത്തിലേക്ക് മതമാറ്റം നടത്തിയ പിന്നോക്ക വിഭാഗങ്ങൾ
5. കൊങ്കിണി കത്തോലിക്ക ക്രിസ്ത്യൻ
6. മെക്ക
7. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത എസ്.ഐ.യു.സി നാടാർ ഒഴികെ ഉള്ളവർ
8. വണികവൈശ്യ
9. എഴുത്തച്ഛൻ
10. നായിഡു
11. വെള്ളാള ഷെട്ടി
12. ആന്തൂർ നായർ
13. വിളക്കിത്തലനായർ
14. മുവാരി-മുഖാരി
15. 24 മന തെലുങ്ക് ചെട്ടി
16. കളരിപണിക്കർ
17. കുടുംബി
18. പത്മശാലി സമാജം
19. ആംഗ്ലോ ഇൻഡ്യൻ
20. പെന്തക്കോസ്ത് ക്രിസ്ത്യാനികൾ
21. സാരസ്വത അബ്രാഹ്മണർ
22. പണ്ഡിതർ
23. തീയ്യ കാവുതീയ്യ
24. യോഗീശ്വര
25. വാണിയ/ഗണിഗ
26. വിശ്വകർമ്മസഭ
27. കത്തോലിക്ക കമ്മാളർ

28. മാനവ ഐക്യവേദി
29. ഹനഫി
30. മൺപാത്ര നിർമ്മാണ സമുദായ സഭ
31. വെളുത്തേടത്ത് നായർ
32. ചക്കാല നായർ
33. മുതലിയാർ
34. തമ്മാളി സമുദായം
35. ബേസൽ മിഷൻ കമ്മ്യൂണിറ്റി
36. ഈഴവാത്തി സഹോദര സമാജം
37. ധീവര
38. വടുക
39. ഗഞ്ചം റെഡ്ഡി
40. ജയിൻ മൈനോറിറ്റി സെൽ
41. കുറിക്കൻ സമുദായം
42. തീരദേശ വികസന സമിതി
43. മലയാള ബ്രാഹ്മണസഭ
44. പത്തുകുടി സമുദായം
45. ബോയൻ
46. വയനാടൻചെട്ടി
47. ചവളർ സമുദായം
48. കൈക്കോളൻ സമുദായം
49. കുമാരക്ഷത്രിയ സംഘം
50. നാടാർ മഹാജന സംഘം
51. സുകുമാര വിജയം നായർ സമാജം
52. നാടാർ സമുദായം
53. പുള്ളുവൻ
54. വീരശൈവ
55. എം.ബി.സി.എഫ്-ന്റെ നിവേദനം
56. തമിഴ് ന്യൂനപക്ഷക്രിസ്തീയ വന്നിയ സമുദായം
57. പെരുംകൊല്ലൻ
58. ചെട്ടി
59. യാദവ
60. രാമക്ഷത്രിയ വിഭാഗത്തെ കോട്ടയാർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്

61. ജോഗി സമുദായം
62. ദാസ സമുദായം
63. മഹേന്ദ്ര മേതര
64. കന്നടിയൻ സമുദായം
65. തൊട്ടിയൻ സമുദായം
66. യോഗി, യോഗീശ്വര
67. വെള്ളാള വിഭാഗം
68. പാർക്കവകുലം
69. വൈശ്യക്ഷേമസഭ